# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1555 03.05.2017 ൽ മറുപടിയ്ക്ക്

## വെള്ളായണി ക്ഷേത്രോത്സവത്തിലെ സംഘർഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ വെള്ളായണി ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര ഭാരവാഹികൾ നാട്ടിയ കൊടികൾക്ക് മുകളിൽ ഡി.വൈ.എഫ്.ഐ.ക്കാർ അവരുടെ കൊടികൾ സ്ഥാപിച്ച് മനപ്പൂർവ്വം സംഘർഷമുണ്ടാക്കാൻ ശ്രമിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വെള്ളായണി ദേവീ ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവവുമായി ബന്ധപ്പെട്ട് ക്ഷേത്ര ഭാരവാഹികൾ (ദേവസ്വം ബോർഡ്) കൊടികൾ കെട്ടിയിട്ടില്ല. എന്നാൽ വിവിധ രാഷ്ട്രീയ മത സംഘടനകൾ പ്രസ്തുത ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കൊടികൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനോട് അനുബന്ധിച്ച് ഈ മേഖലയിൽ ഉണ്ടായ സംഘർഷം തിരുവനന്തപുരം ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് ചർച്ച നടത്തുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ 03/03/2017-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നമ്പർ എസ്.11/14366/2017 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളയാണി ദേവീക്ഷേത്രത്തിലെ ഉത്സവമേഖലയിലെ കൊടിതോരണങ്ങൾ നീക്കം ചെയ്തിട്ടുള്ളതാണ്. |
| (ബി) എങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ? | (ബി) തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഉത്തരവിൻ പ്രകാരം കൊടി തോരണങ്ങൾ നീക്കിയതിൽ പ്രതിഷേധിച്ച് ഒരു വിഭാഗം രാഷ്ട്രീയപ്രവർത്തകർ നേമം പോലീസ് സ്റ്റേഷനു മുൻവശം റോഡ് ഉപരോധിച്ചതിലേയ്ക്ക് നേമം പോലീസ് സ്റ്റേഷൻ ക്രൈം 568/17 u/s 143, 147, 149, 283, 188 IPC & Sec.39 r/w 120(b) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വീണ്ടും കൊടി തോരണങ്ങൾ കെട്ടിയതുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥ ഉണ്ടാവുകയും ആയതിലേയ്ക്ക് നേമം പോലീസ് സ്റ്റേഷൻ |

ക്രൈം 641/17 u/s 294 (b), 323, 324, 308, 427 & 34 IPC & Sec. 3(i)x SC/ST Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ.